## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3600

22.08.2017 ൽ മറുപടിയ്ക്ക്

### ന്യായവില ഹോട്ടലുകൾ ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഹോട്ടൽ ഭക്ഷണത്തെ ആശ്രയിച്ച് ജീവിക്കുന്ന ലക്ഷക്കണക്കിന് ആളുകൾ ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സ്ഥിരമായി ഹോട്ടൽ , ഭക്ഷണം കഴിക്കുന്നവർക്ക് നികുതി നിരക്കിലെ വ്യത്യാസം മൂലം തങ്ങളുടെ മാസ ബജറ്റിൽ ഉണ്ടായിട്ടുള്ള വലിയ മാറ്റം താങ്ങാൻ കഴിയാത്തതാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) നേരിയ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പഞ്ചായത്തുകൾ തോറും വിലക്കുറവിൽ ഭക്ഷണം ലഭ്യമാക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ടോ; | (സി) സംസ്ഥാനത്ത് 13-ാം പഞ്ചവത്സര പദ്ധതിയിൽ 2017-18 കാലയളവിൽ വിശപ്പ് രഹിത കേരളം എന്ന പദ്ധതി സന്നദ്ധ സംഘടനകൾ, സർക്കാരിതര സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ നടപ്പിൽ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്ത് ഹോട്ടൽ ഭക്ഷണവില നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഡി) ഹോട്ടലുകളിലെ ഭക്ഷണവില ഏകീകരിക്കുന്നതിനായുള്ള കേരളാ ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) എന്ന ബില്ലിനെ പറ്റി ഉന്നതതലത്തിൽ ചർച്ച ചെയ്യുകയും നിയമം മൂലമുള്ള ഭക്ഷണവില ഏകീകരണത്തിന് നിയമസാധുത ഇല്ലെന്നും അപ്രായോഗികമാണെന്നുമുള്ള നിഗമനത്തിൽ എത്തിയിട്ടുമുണ്ട്. |
| (ഇ) കുടുംബശ്രീയുടെ നേതൃത്വത്തിൽ ന്യായവില ഹോട്ടലുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ